നടത്തുകയുണ്ടായി. പക്ഷേ ആശയവിനിമയം നടത്തിയിട്ടും ഒരു കോപ്രമൈസ് എന്നുള്ള നിലയിൽ കാര്യങ്ങൾ വന്നിട്ടില്ല.

ശ്രീ.ജി.കാർത്തികേയൻ : സർ, ചർച്ചയിൽ കോപ്രമൈസിൽ എത്താത്തത് ഗവൺമെന്റിന്റെ പിടിവാശി കൊണ്ടാണ്.

മി.സ്പീക്കർ : അതെ, രണ്ട്കൂട്ടരുടേയും കാര്യങ്ങളിൽ പരസ്പര ധാരണയുണ്ടാക്കാനുള്ള സാദ്ധ്യത അല്പംപോലും കാണുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. നിയമസഭയെ സംബന്ധിച്ച് നമ്മുടെ പഴയ നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും എല്ലാം വച്ചുകൊണ്ട് നമുക്ക് ബിസിനസ് അപ്പാടെ മാറ്റിവയ്ക്കാൻ നിർവ്വാഹമില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അത് ഞാൻ പ്രത്യേകിച്ച് പറയേണ്ടതായിട്ടില്ല. അതുകൊണ്ടാണ് സഭ ഇപ്പോൾ ചേരാൻ തീരുമാനിച്ചത്. അല്ലെങ്കിൽ ഇപ്പോൾ ചേരുമായിരുന്നില്ല. അങ്ങനെ ഇപ്പോൾ വീണ്ടും ചേർന്നിരിക്കുകയാണ്. അപ്പോൾ ഇതിൽ ഒരു ധാരണയുണ്ടാക്കാനുള്ള സാദ്ധ്യത അല്പംപോലും കാണുന്നില്ല. എന്നാലും സഭ തുടർന്ന് മുന്നോട്ടു കൊണ്ടുപോകാതിരിക്കാൻ നിർവ്വാഹമില്ല. എന്താണ് മാർഗ്ഗമെന്ന് തീരുമാനിക്കുക. അതിന്റെ അടിസ്ഥാനത്തിൽ സഭാനടപടികളിലേയ്ക്ക് കടക്കുകയാണ്..... (ബഹളം)..... ( ഈ സമയത്ത് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസ്സിലിറങ്ങി മുദ്രാവാക്യം വിളിച്ചുകൊണ്ട് നിന്നു)

മി.സ്പീക്കർ : ശ്രദ്ധ ക്ഷണിക്കൽ.....(ബഹളം)

ചെയറുമായിട്ട് ഒരു യുദ്ധം വേണ്ട ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ.

ഡോ. എം. എ. കുട്ടപ്പൻ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നില്ല. ശ്രീ.സി.കെ.രാജേന്ദ്രൻ.

## III ശ്രദ്ധക്ഷണിക്കൽ

### കാലവർഷക്കെടുത്തിയെത്തുടർന്ന് മരണമടഞ്ഞവരുടെ ആശ്രിതർക്ക്ദുരിതാശ്വാസം എത്തിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ.സി. കെ. രാജേന്ദ്രൻ : സർ, വൈകി തുടങ്ങി പെട്ടെന്ന് പിൻവാങ്ങിയ കാലവർഷം സംസ്ഥാനത്ത് വലിയ നാശനഷ്ടങ്ങളുണ്ടാക്കിയിരിക്കുകയാണ്. രണ്ട് ഡസനോളം പേരുടെ മരണത്തിനിടയാക്കിയ കാലവർഷത്തിൽ നിരവധി വീടുകൾ നഷ്ടപ്പെടുകയും കൃഷി നശിക്കുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ നഷ്ടം സംഭവിച്ച മുഴുവൻ പേർക്കും നഷ്ടപരിഹാരം നൽകുന്നതിന് ഗവൺമെന്റ് കുറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതൊടൊപ്പം തന്നെ വളരെ പെട്ടെന്ന് അവർക്ക് ആശ്വാസനടപടികൾ എത്തിച്ചുകൊടുക്കാനുള്ള തീരുമാനമുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഏതാണ്ട് 22 പേർ മരണപ്പെടുകയും 400-ഓളം പേർക്ക് പരിക്ക് പറ്റുകയും ചെയ്തു. ഏതാണ്ട് 400-ഓളം കുടുംബങ്ങൾക്ക് ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കേണ്ടി വന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആയിരത്തോളം പേരെയാണ് മാറ്റിപ്പാർപ്പിച്ചത്. 375 വീടുകൾ പൂർണ്ണമായി നശിക്കുകയുണ്ടായി. 3336 വീടുകൾ ഭാഗികമായും നശിച്ചു. 307.7 ലക്ഷം രൂപയുടെ നഷ്ടം ഇതിനെല്ലാം കൂടി കണക്കാക്കുന്നുണ്ട്. 979.6 ഏക്കർ കൃഷിയും 19.25 ലക്ഷം രൂപയുടെ പൊതുമുതലും നശിക്കുകയുണ്ടായി എന്നാണ് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാനത്തെ 150-ഓളം വില്ലേജുകളിൽ ഈ കാലവർഷക്കെടുതി ബാധിച്ചുവെന്നാണ് കണക്കുകൾ കാണുന്നത്. ഞാൻ അതിന്റെ വിശദമായ കണക്കുകളിലേക്ക് പോകുന്നില്ല. മരണപ്പെട്ടവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനു വേണ്ടി തീരുമാനിച്ചിട്ടുള്ള സംഖ്യ വളരെ അടിയന്തിരമായി ആ കുടുംബങ്ങൾക്ക് കിട്ടാനുള്ള നടപടി സ്വീകരിക്കണം. സർ, അതുപോലെതന്നെ വീടുകൾ തകർന്നവരുടെ വീടുകൾ പുനനിർമ്മിക്കുന്നതിനുള്ള സഹായം അടിയന്തിരമായി കൊടുക്കാൻ സാധിക്കണം. അതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ. ഇ. ഇസ്മയിൽ) : സർ, സംസ്ഥാനത്തൊട്ടാകെ 14 ജില്ലകളിലെ 452 വില്ലേജുകളിൽ കാലവർഷക്കെടുതി ബാധിച്ചു. 22പേരാണ് (16 മുതിർന്നവരും 6 കുട്ടികളുമാണ്) മരിച്ചത്. 32 പേർക്ക് പരിക്കുപ്പറ്റി. 406 വീടുകൾ പൂർണ്ണമായും 3774 വീടുകൾ ഭാഗികമായും നശിച്ചു. 15 റിലീഫ് ക്യാമ്പുകൾ തുറന്നിട്ടുണ്ട്. മരിച്ച മുഴുവൻ ആളുകളുടേയും ആശ്രിതർക്ക് 30,000 രൂപ വച്ച് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ക്യാമ്പുകളിൽ സൗജന്യമായി ഭക്ഷണം, വസ്ത്രം തുടങ്ങിയവ നൽകുന്നുണ്ട്. കൃത്യമായി ആവശ്യമായ സാമ്പത്തികസഹായം ഈ ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുകയാണ്. ഓരോ ജില്ലയ്ക്കും ഇപ്പോൾ 50 ലക്ഷം രൂപാവീതം അനുവദിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് 30,000 രൂപ വച്ചാണ് നൽകുന്നത്. എല്ലാ സ്ഥലങ്ങളിലും അത് നൽകിക്കഴിഞ്ഞിട്ടുണ്ട്. ആവശ്യമായ നടപടികൾ മുഴുവൻ ഈ ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്. ഒട്ടും കാലവിളംബമില്ലാതെ ഈ നടപടികൾ പൂർത്തിയാക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷി നശിച്ചവരുടെ വിശദവിവരങ്ങൾ പരിശോധിച്ചു വരികയാണ്. ആ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം ഗവൺമെന്റ് നൽകുന്നതാണ്. വളരെ കാര്യക്ഷമമായി ഈ രംഗത്തെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നുണ്ട്. (ബഹളം)

## IV മേശപ്പുറത്തുവച്ച കടലാസുകൾ

(Vide item III of the Agenda)

I Chief Minister. Shri. **E.K.Nayanar** : Sir, I lay on the Table ;

(1) Notification No.12200/SSA2/2000/Home dated 10th March, 2000 (S.R.O.No.225/2000)

(2) G.O.(Ms.) No.49/2000/Home dated 13th March, 2000 (S.R.O.No.242/2000 and S.R.O.No.243/2000)

LIBRARY ARCHIVES Kerala Legislative Assembly